മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) 13-2-1999-ൽ തീരുമാനമായിട്ടുണ്ട്. സംവരണ സംരക്ഷണനിയമം സുപ്രീംകോടതി റദ്ദ് ചെയ്യുകയുണ്ടായി. കേരള സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളിൽ ക്രീമീലെയർ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം ജസ്റ്റീസ് ജോസഫ് കമ്മീഷനെ നിയോഗിച്ചിരുന്നു. ജോസഫ് കമ്മീഷന്റ റിപ്പോർട്ട് സുപ്രീംകോടതി അതേപടി അംഗീകരിക്കുകയാണുണ്ടായത്.

(ബി) ശ്രീ. എഫ്.എസ്. നരിമാൻ ആയിരുന്നു. പിന്നീട് ശ്രീ. സുബ്രമണ്യൻ പോറ്റിയെ നരിമാനു പകരം നിയമിച്ചു. നരിമാന്റെ വ്യക്തിപരമായ അസൗകര്യം പരിഗണിച്ച് അദ്ദേഹം സ്വയം ഒഴിഞ്ഞതാണ്.

(സി) ഇല്ല. കോടതി വിധിയുടെ പരിധിയിൽനിന്നുകൊണ്ട് പരമാവധി ആനുകൂല്യം നിർദ്ദേശിക്കുന്നതിനായി റിട്ടയേർഡ് ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളും. മുമ്പുണ്ടായിരുന്നത് പോലെ സംവരണം നൽകണമെന്ന് നിർദ്ദേശിക്കുന്ന പുതിയ നിയമം ഉണ്ടാക്കാനും അത് ഭരണഘടനയുടെ 30-ാം പട്ടികയിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം ഈ അസംബ്ലിയുടെ അംഗീകാരത്തോടെ കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

**മേൽത്തട്ട് സംബന്ധിച്ച് പഠനം നടത്താൻ ജോസഫ് കമ്മീഷന് പി.എസ്.സി. നൽകിയ കണക്ക്**

7(*17) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേൽത്തട്ട് സംബന്ധിച്ച പഠനം നടത്താൻ സുപ്രീംകോടതി നിയോഗിച്ച ജോസഫ് കമ്മീഷന് കേരള പി.എസ്.സി. നൽകിയ കണക്ക് യഥാർത്ഥമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ യഥാർത്ഥ കണക്ക് എന്താണെന്ന് ആവശ്യപ്പെടുമോ ;

(സി) യഥാർത്ഥ കണക്കും കമ്മീഷന് പി.എസ്.സി. നൽകിയ കണക്കും തമ്മിൽ വ്യത്യാസം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പി.എസ്.സി. അംഗങ്ങളുടെ യോഗത്തിൽ അംഗീകരിച്ചതിന് ശേഷമാണോ വിവരങ്ങൾ ജോസഫ് കമ്മീഷന് നൽകിയതെന്ന് വ്യക്തമാക്കാമോ ; അല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുമോ ;

(ഇ) സംവരണം സംബന്ധിച്ച് സുപ്രീംകോടതി വിധി തെറ്റായ റിപ്പോർട്ടിനെ ആധാരമാക്കിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപ്പീൽ നൽകാൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ഇതു സംബന്ധിച്ച് പരാതികളൊന്നും രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി&ഡി) ഈ കാര്യത്തിൽ പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ച് വരികയാണ്.

(ഇ) ഇതു സംബന്ധിച്ച് പരാതികളൊന്നും രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല.

**ക്രീമിലെയർ പ്രശ്നത്തിലെ സുപ്രീംകോടതി വിധിയിൻമേലുള്ള തുടർനടപടി**

8 (*30) ശ്രീ. മാമ്മൻ മത്തായി :
ശ്രീ കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ പ്രശ്നത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി ഈ വിഷയത്തിൻമേൽ പുറപ്പെടുവിച്ച വിധിക്കുശേഷം സംസ്ഥാനത്തെ ഉദ്യോഗ നിയമനങ്ങൾ മരവിപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഈ കാര്യത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ഡി) ഉദ്യോഗനിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷന് നൽകിയ കണക്കുകളിൽ അപാകതയുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഇതു സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ക്രീമിലെയർ പ്രശനം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി) മരവിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly